# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 06.08.2024** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള വരവേൽപ്പ്; ഫിജിയുടെ പരമോന്നത ബഹുമതി രാഷ്ട്രപതി ഏറ്റുവാങ്ങി.

   **President Droupadi Murmu conferred highest honour - Companion of the Order of Fiji in capital Suva; Also addresses Fijian Parliament.**

2. ബംഗ്ലാദേശ് വിഷയത്തിൽ കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു ചേർത്തു. വിഷയത്തിൽ കേന്ദ്രമന്ത്രി എസ്. ജയശങ്കർ പാർലമെന്റിൽ ഇന്ന് പ്രസ്താവന നടത്തും.

   **Government today convened an all-party meeting on the issue of Bangladesh. External Affairs Minister S. Jaisankar will deliver a statement in Parliament today regarding the situation in Bangladesh.**

3. വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. ദുരന്തത്തിൽപ്പെട്ടവർക്കായുള്ള തിരച്ചിൽ എട്ടാം ദിനവും തുടരുന്നു.

   **Search operations are progressing in Wayanad landslide area. Government will release the list of missing people today.**

4. 'തരംഗ് ശക്തി 2024' ബഹുരാഷ്ട്ര വ്യോമാഭ്യാസത്തിന് തമിഴ്നാട്ടിൽ ഇന്ന് തുടക്കം.

   **First multinational air exercise 'Tarang Shakti 2024' to begin today at Sular in Tamil Nadu.**

5. **പാരീസ് ഒളിമ്പിക്സ് ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജർമനിയെ നേരിടും. ജാവലിൻ ത്രോയിൽ നീരജ് ചോപ്ര ഇന്ന് മാറ്റുരയ്ക്കും.**

**Indian Men's Hockey team to face Germany for a place in the final at Paris Games. India's Neeraj Chopra will begin campaign with qualification round in Javelin Throw.**

# HEADLINE-1

## PREZ-FIJI COMMUNITY RECEPTION

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ഫിജിയിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിന് ഊഷ്മള സ്വീകരണം. ഫിജിയുടെ പരമോന്നത പുരസ്കാരമായ കംപാനിയൻ ഓഫ് ദ ഓർഡർ ബഹുമതി രാഷ്ട്രപതി ദ്രൗപതി മുർമു സ്വീകരിച്ചു. തുടർന്ന് ഫിജി പാർലമെന്റിനെ ശ്രീമതി മുർമു അഭിസംബോധന ചെയ്തു. ഇന്ത്യയും ഫിജിയും തമ്മിലുള്ള 75 വർഷത്തെ നയതന്ത്ര ബന്ധത്തെ രാഷ്ട്രപതി അനുസ്മരിച്ചു. ഫിജിയിൽ നിർമിക്കുന്ന 100 കിടക്കകളുള്ള അത്യാധുനിക കാർഡിയോളജി ആശുപത്രിയുടെ രേഖകൾ കൈമാറുന്ന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഫിജി പ്രധാനമന്ത്രി സിതിവേനി റബുകയും അധ്യക്ഷത വഹിച്ചു. ഫിജിയുടെ തലസ്ഥാന നഗരിയായ സുവയിൽ ഇന്ത്യൻ സമൂഹം നൽകിയ സ്വീകരണത്തിലും രാഷ്ട്രപതി ദ്രൗപതി മുർമു പങ്കെടുത്തു. ഇന്ത്യൻ വംശജർ സ്വന്തം സംസ്കാരവും മൂല്യങ്ങളും നിലനിർത്തുന്നതിലും ഫിജിയിൽ ഹിന്ദി ഔദ്യോഗിക ഭാഷയായതിലും ഏറെ സന്തോഷമുണ്ടെന്ന് ശ്രീമതി മുർമു പറഞ്ഞു. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ രാഷ്ട്രപതി നാളെ ന്യൂസിലൻഡിൽ എത്തും. ശനിയാഴ്ച തിമോർ - ലെസ്റ്റെയും ശ്രീമതി മുർമു സന്ദർശിക്കും.

************************************************

**HEADLINE-2**

## ALL PARTY MEETING

ബംഗ്ലാദേശ് വിഷയത്തിൽ കേന്ദ്ര സർക്കാർ സർവകക്ഷിയോഗം വിളിച്ചു ചേർത്തു. ന്യൂഡൽഹിയിൽ നടന്ന യോഗത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ ബംഗ്ലാദേശിലെ നിലവിലെ സ്ഥിതിഗതികൾ വിശദീകരിച്ചു. സർവകക്ഷിയോഗം വിഷയത്തിൽ ഏകകണ്ഠമായ പിന്തുണ അറിയിച്ചതായി ശ്രീ ജയശങ്കർ അറിയിച്ചു. കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, കിരൺ റിജിജു, ജെ പി നഡ്ഡ തുടങ്ങിയവരും, ഘടക കക്ഷികളിൽ നിന്നുള്ള മന്ത്രിമാരും ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും യോഗത്തിൽ പങ്കെടുത്തു. തൃണമൂൽ, എൻ.സി.പി, സമാജ് വാദി പാർട്ടി, ഡിഎംകെ തുടങ്ങി വിവിധ പ്രതിപക്ഷ കക്ഷിനേതാക്കളും യോഗത്തിന്റെ ഭാഗമായി. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്നലെ കേന്ദ്രമന്ത്രിസഭയുടെ സുരക്ഷകാര്യ സമിതി യോഗം ചേർന്ന് ബംഗ്ലാദേശിലെ സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു. ബംഗ്ലാദേശ് വിഷയത്തിൽ വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് പാർലമെന്റിൽ പ്രസ്താവന നടത്തും. രാജ്യസഭയിൽ ഉച്ച തിരിഞ്ഞ് 2.30 നും, ലോക്സഭയിൽ 3.30 നുമാണ് പ്രസ്താവന.

******************************************

## BANGLADESH (INTRO)

ബംഗ്ലാദേശിൽ പാർലമെന്റ് പിരിച്ചുവിട്ട് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ അറിയിച്ചു. രാജ്യത്ത് തുടർന്നിരുന്ന വിദ്യാർത്ഥി പ്രക്ഷോഭം അക്രമാസക്തമായ സാഹചര്യത്തിൽ പ്രധാനമന്ത്രി സ്ഥാനം

രാജിവച്ച് ഷേഖ് ഹസീന സൈനിക വിമാനത്തിൽ രാജ്യം വിട്ടിരുന്നു. പ്രതിഷേധക്കാരും പോലീസുകാരുമായുണ്ടായ സംഘർഷത്തിൽ നൂറുകണക്കിനാളുകൾ മരണമടഞ്ഞിട്ടുണ്ട്.

**വിശദാംശങ്ങളിലേക്ക്.....**

## (വോയിസ്)

*ബംഗ്ലാദേശിൽ ഇടക്കാല സർക്കാർ ഉടൻ രൂപീകരിക്കുമെന്നും, പൊതു തിരഞ്ഞെടുപ്പ് എത്രയും വേഗം നടത്തുമെന്നും പ്രസിഡന്റ് മുഹമ്മദ് ഷഹാബുദ്ദീൻ അറിയിച്ചു. സൈനിക മേധാവികളുമായും വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കളുമായും ജനപ്രതിനിധികളുമായും അദ്ദേഹം ധാക്കയിൽ കൂടിക്കാഴ്ച നടത്തി. പ്രക്ഷോഭങ്ങളിൽ പങ്കെടുത്ത് അറസറ്റ് ചെയ്യപ്പെട്ട എല്ലാ വിദ്യാർത്ഥികളെയും വിട്ടയക്കണമെന്നും പ്രസിഡന്റ് നിർദ്ദേശിച്ചു. ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി അധ്യക്ഷയും മുൻ പ്രധാനമന്ത്രിയുമായ ഖാലിദ സിയ ഉൾപ്പെടെയുള്ള രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കാനും യോഗത്തിൽ തീരുമാനമായി. ഷേഖ് ഹസീനയുടെ രാജിക്ക് പിന്നാലെ രാജ്യത്ത് ഇടക്കാല സർക്കാർ രൂപീകരിക്കുമെന്ന് സൈനിക മേധാവി ജനറൽ വക്കാർ ഉസ് സമൻ വ്യക്തമാക്കിയിരുന്നു. വിദ്യാർത്ഥി നേതാക്കളുമായും, അധ്യാപകരുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തുമെന്ന് സൈന്യത്തിന്റെ മാധ്യമ വിഭാഗം അറിയിച്ചു. പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ നൂറ് കണക്കിന് പ്രതിഷേധക്കാർ ഇരച്ചുകയറിയ സാഹചര്യത്തിലാണ് ഷേഖ് ഹസീന രാജ്യം വിട്ടത്. ബംഗ്ലാദേശ് വിമോചന സമരത്തിൽ പങ്കെടുത്തവരുടെ ബന്ധുക്കൾക്ക് സർക്കാർ ജോലികളിൽ 30 ശതമാനം സംവരണം പുനസ്ഥാപിച്ച ഹൈക്കോടതി ഉത്തരവിനെതിരെയായിരുന്നു വിദ്യാർത്ഥി പ്രക്ഷോഭം. സുപ്രീംകോടതി പിന്നീട് സംവരണം 5 ശതമാനമാക്കി കുറച്ചെങ്കിലും, പ്രക്ഷോഭത്തിൽ പങ്കെടുത്ത നേതാക്കളെ*

*വിട്ടയക്കാത്ത പശ്ചാത്തലത്തിൽ പ്രതിഷേധം തുടരുകയായിരുന്നു.*
*ന്യൂസ്ഡെസ്ക് ആകാശവാണി..*

******************************************

## UK - BANGLADESH

ബംഗ്ലാദേശിലെ സംഭവവികാസങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ബ്രിട്ടീഷ് ഭരണകൂടം. സമാധാനപരവും ജനാധിപത്യപരവുമായ ഒരു അന്തരീക്ഷമാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്ന് യു.കെ വിദേശകാര്യ സെക്രട്ടറി ഡേവിഡ് ലാമി പറഞ്ഞു. കഴിഞ്ഞ രണ്ടാഴ്ചയായി ബംഗ്ലാദേശിൽ ദാരുണമായ അക്രമ സംഭവങ്ങളാണ് ഉണ്ടായതെന്നും സമാധാനം പുനഃസ്ഥാപിക്കാൻ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കണമെന്നും ഡേവിഡ് ലാമി പ്രസ്താവനയിൽ അറിയിച്ചു. എന്നാൽ, രാജ്യം വിട്ട ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് അഭയം നൽകുന്നതുമായി ബന്ധപ്പെട്ട് യു.കെ പ്രതികരിച്ചിട്ടില്ല.

******************************************

## PARLIAMENT

പാർലമെന്റിന്റെ ഇരു സഭകളിലും നടപടികൾ പുരോഗമിക്കുന്നു. ജി.എസ്.ടി വിഷയത്തിൽ പ്രതിപക്ഷ പാർട്ടികൾ ഇന്ന് പാർലമെന്റിനു പുറത്ത് പ്രതിഷേധം സംഘടിപ്പിച്ചു. ഹെൽത്ത് ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ് തവണകളിലെ 18 ശതമാനം ജി.എസ്.ടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

******************************************

## WAYANAD (INTRO)

വയനാട് മുണ്ടക്കൈ- ചൂരൽമല ഉരുൾ പൊട്ടലിൽ കാണാതായവർക്കായുള്ള തിരച്ചിൽ എട്ടാം ദിവസവും പുനരാരംഭിച്ചു. ഹെലികോപ്റ്റർ ഉപയോഗിച്ചും ഇന്ന് തിരച്ചിൽ നടത്തുന്നുണ്ട്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസന്റ്.**

**(വോയിസ്........)**

*******************************************

## HEADLINE-3

## WAYANAD-K RAJAN

വയനാട് ഉരുൾപൊട്ടലിൽ കാണാതായവരുടെ പട്ടിക പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിച്ചതായി റവന്യൂ മന്ത്രി കെ രാജൻ. ലഭ്യമായ വിവരങ്ങൾ ഉൾകൊള്ളിച്ചുള്ള പട്ടിക ഇന്ന് വൈകുന്നേരത്തോടെ പുറത്തുവിടും. ഇത് പൊതുജനങ്ങളിലേക്ക് എത്തുന്ന മുറയ്ക്ക് വിട്ടുപോയിട്ടുള്ളവരെ കൂടി ഉൾപ്പെടുത്താനാകുമെന്നും ശേഷം അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമെന്നും ശ്രീ കെ. രാജൻ വയനാട്ടിൽ മാധ്യമങ്ങളോട് പറഞ്ഞു. ലോകം കണ്ട കേരള മോഡൽ പുനരധിവാസ പാക്കേജാണ് വയനാട് ഉണ്ടാകാൻ പോകുന്നതെന്നും മന്ത്രി പറഞ്ഞു. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ക്യാമ്പിൽ കഴിയുന്ന ആളുകളെ വിളിച്ച് കുടിശ്ശിക തുക ചോദിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടെന്നും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

*******************************************

## V SIVANKUTTY

വയനാട്ടിലെ ദുരന്തബാധിത മേഖലയിൽ സർട്ടിഫിക്കറ്റുകളും വിദ്യാഭ്യാസ രേഖകളും നഷ്ടപ്പെട്ട കുട്ടികൾക്ക് ക്ലാസ് തുടങ്ങുന്ന മുറയ്ക്ക് അവ വിതരണം ചെയ്യണമെന്ന് മന്ത്രി വി ശിവൻകുട്ടി. മേപ്പാടി ഹയർ സെക്കൻഡറി സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച ശേഷം നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്യാമ്പ് അവസാനിക്കുന്ന മുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുമെന്നും കുട്ടികൾക്ക് ആവശ്യമായ പാഠ്യവസ്തുക്കളുടെ കിറ്റ് വിതരണം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.

******************************************

## HEADLINE-4

## TARANG SHAKTI 2024

ബഹുരാഷ്ട്ര വ്യോമാഭ്യാസമായ 'തരംഗ് ശക്തി 2024' ന് തമിഴ്നാട്ടിൽ ഇന്ന് തുടക്കം. 30 രാജ്യങ്ങൾ വ്യോമാഭ്യാസത്തിൽ പങ്കെടുക്കും. പത്ത് രാജ്യങ്ങളുടെ യുദ്ധവിമാനങ്ങളും അഭ്യാസത്തിൽ പങ്ക് ചേരും. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച യുദ്ധവിമാനങ്ങളും ഉപകരണങ്ങളും ഇതിൽ പ്രദർശിപ്പിക്കുന്നുണ്ട്. തേജസ്, റഫാൽ, മിറാഷ് 2000, ജാഗ്വാർ, മിഗ് 29 തുടങ്ങിയ ഇന്ത്യയുടെ യുദ്ധവിമാനങ്ങൾ അഭ്യാസത്തിൽ പങ്കെടുക്കും.

******************************************

## BIMSTEC

മൂന്ന് ദിവസത്തെ ബിംസ്റ്റെക് വ്യാപാര ഉച്ചകോടി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും. കേന്ദ്ര മന്ത്രി പീയുഷ് ഗോയൽ മുഖ്യ പ്രഭാഷണം നടത്തും. ബിംസ്റ്റെക് അംഗരാജ്യങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ, സംരംഭകർ, പ്രമുഖ വ്യവസായികൾ തുടങ്ങിയവർ ഉച്ചകോടിയിൽ പങ്കെടുക്കും. സാമ്പത്തിക സഹകരണം,

വ്യാപാരം എന്നിവ സുഗമമാക്കുന്നതിനും ഊർജ സുരക്ഷ, സമഗ്ര വളർച്ച എന്നിവയ്ക്കുള്ള ഭാവി പരിപാടികൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയായിരിക്കും ബിംസ്റ്റെക് ഉച്ചകോടിയെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. സമാന രംഗത്ത് പ്രവർത്തിക്കുന്ന 300-ലധികം പ്രമുഖരെ ഉച്ചകോടി ഒരുമിച്ച് കൊണ്ടുവരും. ബിംസ്റ്റെക് അംഗരാജ്യങ്ങൾ തമ്മിലുള്ള ശക്തമായ വ്യാപാര നിക്ഷേപ ബന്ധങ്ങളിലൂടെ കൂടുതൽ പ്രാദേശിക സഹകരണം വളർത്തിയെടുക്കുകയാണ് ബിംസ്റ്റെക് ഉച്ചകോടിയുടെ ലക്ഷ്യമെന്നും മന്ത്രാലയം വ്യക്തമാക്കി.

******************************************

## HEADLINE-5

## PARIS OLYMPICS

പാരിസ് ഒളിമ്പിക്സ് പുരുഷന്മാരുടെ ജാവലിൻ ത്രോ യോഗ്യത മത്സരത്തിൽ ഇന്ത്യയുടെ നീരജ് ചോപ്ര ഇന്നിറങ്ങും. ഗ്രൂപ്പ് എ യിൽ ഇതേ ഇനത്തിൽ കിഷോർ കുമാറും മത്സര രംഗത്തുണ്ട്. പുരുഷ ഹോക്കി സെമി ഫൈനലിൽ ഇന്ത്യ ഇന്ന് ജർമനിയെ നേരിടും. ഇന്ത്യൻസമയം രാത്രി 10.30 നാണ് മത്സരം. പുരുഷന്മാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസ് ഫൈനലിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യൻ താരമെന്ന ചരിത്രനേട്ടം ഏഷ്യൻ ഗെയിംസ് സ്വർണമെഡൽ ജേതാവ് അവിനാഷ് സാബ്ലെ സ്വന്തമാക്കിയിരുന്നു. ഹീറ്റ്സ് രണ്ടിൽ മത്സരിച്ച സാബ്‌ലെ അഞ്ചാമതായാണ് ഫിനിഷ് ചെയ്തത്. വനിതകളുടെ 400 മീറ്റർ ഓട്ടത്തിൽ കിരൺ പാഹൽ രണ്ടാം ഊഴത്തിനായി ഇന്നിറങ്ങും. ടേബിൾ ടെന്നിസ്, ഗുസ്തി ഇനങ്ങളിലും ഇന്ത്യൻ സംഘം ഇന്ന് മാറ്റുരക്കും.

******************************************

## INDIA-SL CRICKET

ഇന്ത്യ - ശ്രീലങ്ക ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ ഉച്ചക്ക് 2.30 ന് നടക്കും. പരമ്പരയിലെ ആദ്യ മത്സരം സമനിലയിൽ കലാശിച്ചപ്പോൾ രണ്ടാം മത്സരത്തിൽ ശ്രീലങ്കക്കായിരുന്നു വിജയം.

*

******************

******************************************************************